# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3115** **11.12.2014-ന് മറുപടിയ്ക്ക്**

## സർട്ടിഫിക്കറ്റുകളുടെ ഫീസ്

| ചോദ്യം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) റവന്യൂ വകുപ്പിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകി വരുമ്പോൾ ഫീസിനത്തിൽ എത്ര രൂപ വീതമാണ് നൽകേണ്ടി വരുന്നത്; | (എ) അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് 17 രൂപ (അക്ഷയ സംരംഭകർക്ക് 10 രൂപ സ്റ്റാമ്പിന് 5 രൂപ, ഡിപ്പാർട്ട്മെന്റ് സർവ്വീസ് ചാർജ്ജ് 2 രൂപ) സർവ്വീസ് ചാർജ്ജ് നൽകേണ്ടതും രേഖകൾ സ്കാൻ ചെയ്യുന്നതിലേക്കായി പേജ് ഒന്നിന് 2 രൂപ നിരക്കിൽ നൽകേണ്ടതുമാണ്. |
| (ബി) പല അക്ഷയ കേന്ദ്രങ്ങളും നിശ്ചിത ഫീസിലും ഉയർന്ന തുക അപേക്ഷകരിൽ നിന്നും ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. പരാതി ലഭിച്ചാൽ നടപടി സ്വീകരിയ്ക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇപ്രകാരം ഉയർന്ന നിരക്ക് ഈടാക്കുന്നത് തടയാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ | (സി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ജില്ലാ അക്ഷയ കോർഡിനേറ്റർമാരോട് അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റുകൾക്കാവശ്യമായ രേഖകളുടെയും ഫീസിന്റെയും വിവരം പൊതുജനങ്ങൾക്ക് വേണ്ടി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) സർട്ടിഫിക്കറ്റുകൾക്കായി ഈടാക്കാവുന്ന നിശ്ചിത ഫീസ് അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുന്ന തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പരിശോധിക്കുന്നതിലേയ്ക്കായി ജില്ലാ അക്ഷയ കോർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

Vatsala. S.O

സെക്ഷൻ ഓഫീസർ.